പൊതുമരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺഫിലിപ്പോസ്):

(എ)	ഏക്കർ	സെൻറ്
തിരുവില്ലാമഠം	൪൫	൨൩
മാവേലിക്കര	൫൩	൫൦
മുവ്വാറ്റുപുഴ	൨൭൯	൩൫
കൊച്ചികണയന്നൂർ	൧൧	൧൦
ആകെ	൩൫൫	൧൮

(ബി) ഉദ്ദേശം ൯൨൫ ഉറുപ്പിക.

(സി) ഉല്പാദനത്തിന്റെ തൂക്കവും വിലയും കൃത്യമായി അറിയാറായിട്ടില്ല.

(ഡി) ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന പരീക്ഷണങ്ങളുടെ ഫലം അറിഞ്ഞതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ ഗവൺമെണ്ടിന്റെ നയം രൂപീകരിക്കുവാൻ സാധ്യമാകയൊള്ളൂ.

പൗരജനപ്രതിനിധിയിലെ റിപ്പോർട്ട്

*൧൦൭൯. (൫൫) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

(എ) നെല്ലുല്പാദനപ്രശ്നം— തിരുവിതാംകൂറിലെയും കൊച്ചിയിലെയും രീതിയിലുള്ള അന്തരം എന്ന തലക്കെട്ടിൽ ൧൯൫൦ സെപ്റ്റംബർ ൧൯–ാം തീയതിയിലെ പൗരജനപ്രതിനിധിയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ട് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) റേഷൻ കാർഡുപ്രകാരം കൃഷിക്കാർക്കു നൽകുന്ന നെല്ല് തിരുവിതാംകൂറിൽ സംഭരണക്കണക്കിൽ ഉൾപ്പെടുത്തുന്നില്ലെന്ന പറയുന്നതു ശരിയാണോ; ശരിയാണെങ്കിൽ അതിനു കാരണമെന്താണ്?

വിദ്യാഭ്യാസവും, തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ട്.

(ബി) കൃഷിക്കാർക്കു അനുവദിക്കുന്ന നെല്ല് ഗവൺമെണ്ടു എടുത്തതായി ഗണിക്കുവാൻ പാടില്ലാത്തതുകൊണ്ടു് അതു സംഭരണക്കണക്കിൽ ഉൾപ്പെടുത്താറില്ല. തിരുവിതാംകൂറിൽ മാത്രമല്ല കൊച്ചിയിലും അപ്രകാരം തന്നെയാണ് ചെയ്യുന്നതു്.

റേഷൻ കുഴപ്പം

*൧൦൭൮. (നമ്പ) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി സദയം മറുപടി നൽകുമോ:—

(എ) ൧൯൫൦ ആഗസ്റ്റുമാസത്തിൽ തിരുവിതാംകൂർ പ്രദേശത്തു റേഷൻ ലഭിക്കാതെ വളരെ വിഷമിച്ചിരുന്ന സന്ദർഭത്തിൽ, കൊച്ചിപ്രദേശത്തു സംപൂർണ്ണറേഷൻ കൊടുക്കുവാൻ ഉണ്ടായ സാഹചര്യങ്ങൾ എന്തായിരുന്നു;

(ബി) റംസാൻ, ക്രിസ്തുമസ് എന്നീ വിശേഷസന്ദർഭത്തിൽ സ്പെഷ്യൽ റേഷൻ കൊടുക്കുക പതിവുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹിന്ദുക്കളുടെ വിശേഷദിവസമായ ഓണത്തിനു തിരുവിതാംകൂർ പ്രദേശത്തു അനുവദിച്ചിരുന്ന റേഷൻപോലും കൊടുക്കാതിരിക്കുവാൻ കാരണമെന്തു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൊച്ചി പ്രദേശത്തെ നെല്ലിടപ്പു് പദ്ധതി തിരുവിതാംകൂറിലേതിനേക്കാൾ കൂടുതൽ വിജയപ്രദമായിരുന്നു. കൂടുതൽ നെല്ലു വാങ്ങുവാനുമുണ്ടായിരുന്നു. കൂടാതെ കൊച്ചി തുറമുഖത്തു വന്നുചേരുന്ന ക്ഷേത്രധാന്യങ്ങൾ തിരുവിതാംകൂർ പ്രദേശത്തേക്കു കൊണ്ടുവരാൻ സാധാരണയായി കുറച്ചു സമയം വേണ്ടിവരുന്നു. പ്രസ്തുത ക്ഷേത്രധാന്യങ്ങൾ തൃശ്ശൂർ ഡിസ്ട്രിക്ടിൽ എത്തുന്നതിനു പന്ത്രണ്ടു മണിക്കൂറിനകം എത്തിച്ചേക്കാവുന്നതാണു്. പുറമേ കൊച്ചി പ്രദേശത്തു് പട്ടണങ്ങളിലൊഴിച്ചു ദിവസംപ്രതി റേഷൻ കൊടുക്കുന്ന പദ്ധതി നടപ്പിൽ വരുത്തുവാൻ സാധ്യമായിരുന്നു. ഈ കാരണങ്ങളാൽ കൊച്ചിയിലും തിരുവിതാംകൂറിലും താരതമ്യേന റേഷൻ വിതരണം കൊച്ചിയിൽ കൂടുതൽ തൃപ്തികരമായിരുന്നു.

(ബി) വിശേഷ സന്ദർഭങ്ങളിൽ സ്പെഷ്യൽ റേഷൻ അളക്കുന്നതിനു പതിവു ഇപ്പോൾ ഇല്ല. എന്നാൽ റംസാൻ കാലത്തു് നോമ്പു് അനുഷ്ഠിക്കുന്ന ആളുകളുടെ ആവശ്യത്തിനായി ഓരോ മുസ്ലീം ദേവാലയത്തിനും അരച്ചാക്കു അരിയും അരച്ചാക്കു ഗോതമ്പും ഈയാണ്ടിൽ സ്പെഷ്യലായി അനുവദിച്ചിട്ടുണ്ടു്.

(സി) ഓണക്കാലത്തു് തിരുവിതാംകൂർ പ്രദേശത്തു് അനുവദിച്ചിരുന്ന റേഷൻ കൊടുക്കാതിരുന്നിട്ടില്ല.

FOODGRAINS ALLOTTED TO TRAVANCORE-COCHIN

***1079. [64] Sri. E. P. Paulose:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state:—

(*a*) the total quantity of foodgrains allotted to Travancore-Cochin for this year by the Government of India;

(*b*) the quantity received till now; and

(*c*) whether any reduction in our original quota has been since made?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) 3,00,000 tons.

(*b*) Till end of September 1950—2,17,304 tons.

(*c*) No.

IMPORT OF FOODGRAINS

***1080. [65] Sri. E. P. Paulose:** Will the Hon'ble Minister for Education Labour and Civil Supplies be pleased to state:—

(*a*) whether the foodgrains imported in August and September were delayed as a result of transport difficulties;

(*b*) is it a fact that foodgrains sent to us happened to be directed to some other destination during transport by some mistake;

(*c*) if so, who was responsible for this mistake;

(*d*) whether there was sufficient stock of foodgrains with Government for distribution in August and September; and

(*e*) if so, why there were widespread complaints regarding the failure in the supply of rations in August and September?

LIBRARY ARCHIVES Kerala Legislative Assembly